# പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -3465     09/04/2013 ൽ മറുപടിക്ക്

## റോഡുകളുടെ ഗുണമേന്മ ഉറപ്പുവരുത്തുവാൻ മോണിറ്ററിംഗ് സംവിധാനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സണ്ണി ജോസഫ്<br>" ലൂഡി ലൂയിസ്<br>" അൻവർ സാദത്ത്<br>" എം. പി. വിൻസെന്റ് | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) റോഡുകളുടെ ഗുണമേന്മ ഉറപ്പു-വരുത്തു വാൻ മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;<br><br>(ബി) എന്തെല്ലാം പരിഷ്കാരങ്ങളും മാറ്റങ്ങളുമാണ് പ്രസ്തുത പദ്ധതി വഴി നടപ്പിൽവരുത്താനുദ്ദേശിക്കുന്നത് ;<br><br>(സി) പ്രസ്തുത മാറ്റങ്ങളും പരിഷ്കാരങ്ങളും വഴി നിർമ്മാണ-പ്രവർത്തികൾ എത്രമാത്രം സുതാര്യമാക്കാനാകും എന്നാണ് പ്രതീക്ഷിക്കുന്നത് ;<br><br>(ഡി) പ്രസ്തുത പദ്ധതിക്കായി എന്തെല്ലാം നടപടി കൾ സ്വീകരിച്ചിട്ടുണ്ട്? | (എ), (ബി), (സി) & (ഡി) സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികൾ ഗുണനിലവാരം പുലർത്തുന്നതിനും സുതാര്യമാക്കുന്നതിനുമായി, ഇ-ടെൻഡറിംഗ്, ഇ-പേയ്മെന്റ് എന്നിവയും പി.ഡബ്ല്യു കോഡ്, മാന്വൽ എന്നിവയുടെ പരിഷ്കരണവും നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത പരിഷ്കരണങ്ങൾ മൂലം മത്സരാധിഷ്ഠിത ടെൻഡറുകളും, ഗുണനിലവാരത്തോടുകൂടിയ പദ്ധതി പൂർത്തീകരണവും നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ ദേശീയപാത വിഭാഗത്തിൽ ഗുണനിലവാരം ഉറപ്പാക്കാനുള്ള നടപടികളുടെ ഭാഗമായി പണികൾക്ക് കോൺട്രാക്റ്ററുടെ ഉത്തരവാദിത്വത്തിൽ നിശ്ചിത കാലാവധിയുള്ള ഡിഫക്റ്റ് ലയബിലിറ്റി പിരീഡ് കരാറുകളിൽ തന്നെ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു. ഈ വ്യവസ്ഥ കാരണം കാരാറുകാർ പണികളിൽ ഗുണനിലവാരം ഉറപ്പാക്കാറുണ്ട്. പണികളുടെ ഗുണനിലവാരം ഉറപ്പാക്കാൻ ദേശീയപാത വിഭാഗത്തിൽ സ്ഥിരം സംവിധാനം എന്ന നിലയിൽ രണ്ട് ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷനുകൾ പ്രവൃത്തിക്കുന്നുണ്ട്. അവർ കാലാകാലങ്ങളിൽ നടക്കുന്ന പണികളുടെ ഗുണനിലവാരം ഉറപ്പാക്കാറുണ്ട്. സർക്കാർ ഉത്തരവ് (ആർ.റ്റി) നം.86/2012/പൊ.മ.വ തീയതി 19/01/2012 പ്രകാരം 3 മേഖലാ സമിതികൾ രൂപീകരിച്ച് പ്രവൃത്തികൾ മോണിറ്ററിംഗ് നടത്തുന്നതിന് ഉത്തരവായിട്ടുണ്ട്. കൂടാതെ പ്രവൃത്തികൾ സംബന്ധിച്ച പൊതുജനങ്ങൾക്കുള്ള പരാതികളും നിർദ്ദേശങ്ങളും അറിയിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് കെ.എസ്. ടി.പി ചീഫ് എൻജിനീയറുടെ ഓഫീസിൽ ഒരു പരാതി പരിഹാരസെല്ലും പ്രവർത്തിച്ചുവരുന്നുണ്ട്.<br><br>ഇതുവഴി പ്രവൃത്തികൾ കൂടുതൽ ഗുണനിലവാരത്തിൽ കാലാവധിക്കുള്ളിൽ പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ